പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 365 10.03. 2015 ൽ മറുപടിക്ക്

## വൻകിട സ്ഥാപനങ്ങളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക

**ചോദ്യം** **ഉത്തരം**

ശ്രീ.ഇ. ചന്ദ്രശേഖരൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഏതൊക്കെ വൻകിട സ്ഥാപനങ്ങളാണ് കെ.എസ്.ഇ.ബി.ക്ക് വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക നൽകാനുള്ളതെന്ന് സ്ഥാപനം, ജില്ല, കുടിശ്ശിക തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(എ) 31.12.2014-ലെ കണക്കനുസരിച്ച് വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയിട്ടുള്ള സംസ്ഥാനത്തെ പ്രധാന വൻകിട സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | സ്ഥാപനം | ജില്ല | കുടിശ്ശിക തുക രൂപ (കോടിയിൽ) |
|---|---|---|---|
| 1 | കേരള ജല അതോറിറ്റി | സംസ്ഥാനതലം | 728.56 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് | എറണാകുളം | 92.92 |
| 3 | ആഭ്യന്തര വകുപ്പ് | സംസ്ഥാനതലം | 51.30 |
| 4 | ബിനാനി സിങ്ക് ലിമിറ്റഡ് | എറണാകുളം | 51.29 |
| 5 | ആട്ടോ കാസ്റ്റ് ലിമിറ്റഡ് | ആലപ്പുഴ | 49.22 |
| 6 | ട്രാവൻകൂർ റയോൺസ് | എറണാകുളം | 47.64 |

| | | | |
|---|---|---|---|
| 7 | ഇൻഡസ്ട്രിയൽ ഇലക്ട്രോ മെൽറ്റ്സ് | പാലക്കാട് | 46.60 |
| 8 | ഓഫോടെക് | പാലക്കാട് | 45.33 |
| 9 | കൃഷി വകുപ്പ് | സംസ്ഥാനതലം | 42.27 |
| 10 | ഹിൻഡാൽക്കോ ഇൻഡസ്ട്രീസ് | എറണാകുളം | 34.56 |

| | |
|---|---|
| | 5 (അഞ്ച്) ലക്ഷത്തിനുമേൽ കുടിശ്ശിക വരുത്തിയിട്ടുള്ള എച്ച്.റ്റി./ഇ. എച്ച്. റ്റി ഉപഭോക്താക്കളുടെ ജില്ല തിരിച്ചുള്ള പട്ടിക ഇതോടൊപ്പം അനുബന്ധമായി സമർപ്പിക്കുന്നു. |
| (ബി) കുടിശ്ശിക തുക ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുത ബന്ധം വിച്ഛേദിക്കൽ ഒറ്റത്തവണ തീർപ്പാക്കൽ, തവണ വ്യവസ്ഥകൾ അനുവദിക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിരിക്കുന്നു. |
| (സി) 2014 ജനുവരി ഒന്നിന് ശേഷം വൻകിട സ്ഥാപനങ്ങളിൽ നിന്നും ആകെ എത്ര തുക കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ടെന്ന് സ്ഥാപനം, ജില്ല, തുക തിരിച്ച് കണക്കുകൾ വിശദമാക്കാമോ? | (സി) 2014 ജനുവരി 1 മുതൽ വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ വൻകിട സ്ഥാപനങ്ങളിൽ നിന്നും 15.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഇവ പട്ടിക (2) ആയി അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**